# കലാവിദ്യാഭ്യാസം

സമയം : 40 മിനിറ്റ്
ആകെ സ്കോർ : 15

**1 മുതൽ 6 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും നാലെണ്ണത്തിന് ഉത്തരമെഴുതുക. ശരിയുത്തരത്തിന് ഒരു സ്കോർ.** **(4 × 1 = 4)**

1. കടലാസുകഷണങ്ങളും തുണിത്തുണ്ടുകളും മറ്റും ഒട്ടിച്ചുണ്ടാക്കുന്ന ചിത്രങ്ങൾ ഏത് പേരിലാണ് അറിയപ്പെടുന്നത് ?
(ഗ്രാഫിറ്റി, എച്ചിംഗ്, കൊളാഷ്, ലിത്തോഗ്രാഫ്)

2 മൈക്കലാഞ്ചലോ നിർമിച്ച മാർബിൾ ശിൽപ്പത്തിന്റെ പേര് ?
(ട്രയംഫ് ഓഫ് ലേബർ, പിയാത്ത, ദ തിങ്കർ, ക്രൈസ്റ്റ് ദ റഡീമർ)

3. ഹിന്ദുസ്ഥാനി സംഗീതത്തിലെ ജനകീയ പ്രണയ ഗാനങ്ങൾ ഗാനങ്ങൾക്ക് പറയുന്ന പേര്?
(ഗസൽ, തില്ലാന, കൃതി, പദം)

4. ചിത്രത്തിൽ കൊടുത്തിരിക്കുന്ന സംഗീതോപകരണം തിരിച്ചറിയുക.
(നാഗസ്വരം, ഓടക്കുഴൽ, ഹാർമോണിയം, ക്ലാർനെറ്റ്)



5. ഇടഞ്ഞ ആനയുടെ മുന്നിൽ നിൽക്കുന്ന ഭാവം ?
(ശാന്തം, ഭയാനകം, ശൃംഗാരം, ഹാസ്യം)

6. ശരീരാവയവങ്ങളെക്കൊണ്ട് ആശയ വിനിമയം നടത്തുന്ന, ചതുർവിധാഭിനയത്തിലെ അഭിനയരീതി ?
(ആംഗികം, വാചികം, ആഹാര്യം, സാത്വികം)

**7 മുതൽ 12 വരെയുള്ള ചോദ്യങ്ങളിൽ. ഏതെങ്കിലും നാലെണ്ണത്തിന് ഉത്തരമെഴുതുക. ഓരോന്നിനും 2 സ്കോർ വീതം.** **(4 × 2 = 8)**

7. ഒരാളുടെ മുഖത്തിന് പ്രാധാന്യം നൽകി വരയ്ക്കപ്പെടുന്ന ചിത്രങ്ങൾ ഏത് പേരിൽ അറിയപ്പെടുന്നു? ഈ വിഭാഗത്തിൽപ്പെടുന്ന ലിയനാർഡോ ഡാവിഞ്ചി വരച്ച പ്രസിദ്ധമായ ചിത്രത്തിന്റെ പേരെന്ത്?
8. ചെണ്ട എന്ന വാദ്യോപകരണത്തെക്കുറിച്ച് ഒരു ലഘു വിവരണം തയ്യാറാക്കുക.
9. കലാമണ്ഡലം സത്യഭാമ ചിട്ടപ്പെടുത്തിയ രണ്ട് നൃത്തനാടകങ്ങളുടെ പേരെഴുതുക.
10. ഒരു നാടകം എഴുതാൻ ആദ്യം വേണ്ടത് ഒരു കഥയാണ്. കഥ രൂപപ്പെട്ടു കഴിഞ്ഞാൽ പിന്നെ എന്തൊക്കെയാണ് നാടകരചനയിൽ വേണ്ടത്?
11. ഉത്സവവേദിയിൽ നടക്കുന്ന സംഗീതകച്ചേരിയിൽ നിങ്ങൾ കാണുന്ന വാദ്യോപകരണങ്ങൾ ഏതെല്ലാം
12. നാട്യാഭിനയം എന്നാൽ എന്ത്?

**13 മുതൽ 14 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും ഒന്നിന് ഉത്തരമെഴുതുക. ശരിയുത്തരത്തിന് 3 സ്കോർ.** **(1 × 3 = 3)**

13. നിങ്ങളുടെ മുഖത്തിന്റെ ഒരു ചിത്രം വരയ്ക്കുക. പേന കൊണ്ടോ പെൻസിൽ കൊണ്ടോ വരച്ചാൽ മതി. പരമാവധി കൃത്യത വരുത്താൻ ശ്രമിക്കുമല്ലോ.
14. താഴെ കൊടുത്തിരിക്കുന്നവയിൽ നിന്നും കർണ്ണാടകസംഗീതോപകരണങ്ങളും, ഹിന്ദുസ്ഥാനിസംഗീതോപകരണങ്ങളും കണ്ടെത്തുക.
(വയലിൻ, തബല, വീണ, സിത്താർ, തംബുരു, സരോദ്)

# കലാവിദ്യാഭ്യാസം വാർഷിക മൂല്യനിർണ്ണയം_ 2021-22

## ഉത്തരസൂചിക 9-ാം തരം

സമയം 40 മിനിറ്റ്　　　　　　　　　　　　ആകെ മാർക്ക്_15

1 മുതൽ 6 വരെയുള്ള ചോദ്യങ്ങൾക്ക് ഏതെങ്കിലും നാലെണ്ണത്തിന് ഉത്തരമെഴുതുക
(4 X 1 = 4 )

1 കൊളാഷ്　2 പിയാത്ത　3 ഗസൽ　4 ഹാർമോണിയം

5 ഭയാനകം　6 ആംഗികം

7 മുതൽ 12 വരെയുള്ള ചോദ്യങ്ങൾക്ക് ഏതെങ്കിലും നാലെണ്ണത്തിന് ഉത്തരമെഴുതുക
(4 X 2 = 8 )

7 ഛായാചിത്രം, മോണാലിസ

8 ചെണ്ട കേരളത്തിന്റെ തനതായ ഒരു തുകൽ വാദ്യമാണ്. ഇതൊരു അസുരവാദ്യമാണ്. മരത്തിന്റെ കോൽ ഉപയോഗിച്ചാണ് സ്വരമുണ്ടാക്കുന്നത്. ചെത്തിമിനുക്കിയ ഒരു മരക്കുറ്റിയുടെ താഴെയും മുകളിലുമായി തുകൽ വലിച്ചു കെട്ടിയാണിതിന്റെ നിർമ്മിതി. ഏറെ ജനപ്രിയമായ ഒരു വാദ്യമാണിത്.

9 നാഗില, ചണ്ഡാലഭിക്ഷുകി

10 നാടകരചനയിൽ കഥ തയ്യാറായാൽ പിന്നെ, കഥാസന്ദർഭങ്ങളാണ് രൂപപ്പെടുത്തുന്നത്. പിന്നീട് ആവശ്യമായ കഥാപാത്രങ്ങളെ കണ്ടെത്തുന്നു. തുടർന്ന് കഥാപാത്ര ങ്ങൾക്കും സന്ദർഭത്തിനും അനുയോജ്യമായ സംഭാഷണങ്ങൾ രചിക്കുന്നു.

11 വയലിൻ, മൃദംഗം, മുഖർശംഖ്, തംബുരു , ഘടം, ഗഞ്ചിറ

12 ആംഗികം (അംഗചലനം), വാചികം (പാട്ട്, സംഭാഷണം), ആഹാര്യം (വേഷം, സാത്വികം) (മനസ്സിൽ തട്ടി ഭാവങ്ങളെ സ്ഫുരിക്കുന്ന രീതി) എന്നിവയുടെ സഹായത്തോടെ ഒരു കഥയെ വേദിയിൽ അവതരിപ്പിക്കുന്നതിന് നാട്യാഭിനയം എന്ന് പറയുന്നു.

13 മുതൽ 14 വരെയുള്ള ചോദ്യങ്ങളിൽ ഒന്നിന് മാത്രം ഉത്തരമെഴുതുക (1 X 3 =3 )

13 വരക്കാൻ ശ്രമിച്ചാൽ 1 മാർക്ക് , ശരാശരി 2 മാർക്ക് , മികച്ചതായാൽ 3 മാർക്ക്

14 കർണ്ണാട്ടിക് :　വയലിൻ, വീണ, തംബുരു

ഹിന്ദുസ്ഥാനി:　തബല , സിത്താർ, സരോദ്

സുരേഷ് കാട്ടിലങ്ങാടി